# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 178

16.06.2014-ലെ മറുപടിക്ക്

## ജയിൽ വരുമാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഭക്ഷണ സാധനങ്ങൾ ഉൾപ്പെടെയുള്ള ജയിൽ ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) | ഭക്ഷണ സാധനങ്ങൾ വില്പന നടത്തുന്നതിനായി ഔട്ട്ലെറ്റുകൾ, മൊബൈൽ യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. |
| ബി) | ഈ സർക്കാരിന്റെ കാലത്ത് ജയിൽ വരുമാനത്തിൽ നാളിതുവരെ ഉണ്ടായ പുരോഗതി വ്യക്തമാക്കുമോ; | ബി) | ഭക്ഷ്യോൽപന്നങ്ങൾ, കാർഷിക വിഭവങ്ങൾ, തടവുകാർ നിർമ്മിക്കുന്ന ഫർണിച്ചർ, വസ്ത്രങ്ങൾ, സോപ്പ്, ഫിനോയിൽ എന്നിവയുടെ വില്പനയിൽനിന്നുള്ള വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജയിൽ വകുപ്പിന് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | ജയിൽ വകുപ്പിന്റെ ആകെ വരുമാനം (രൂപയിൽ) |
|---|---|
| 2011-2012 | 3,41,25,669/- |
| 2012-2013 | 13,27,37,898/- |
| 2013-2014 | 24,44,36,972 |

| | | | |
|---|---|---|---|
| സി) | പ്രസ്തുത വരുമാന വർദ്ധനവിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) | സംസ്ഥാനത്തെ പ്രധാന ജയിലുകളിൽനിന്നും ചപ്പാത്തി, ഇഡ്ഢലി, ദം ബിരിയാണി, ബേക്കറി ഉല്പന്നങ്ങളായ ലഡു, കേക്ക്, ചിപ്സ് എന്നിവ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിച്ച് വിപണനം നടത്തിവരുന്നു. സംസ്ഥാനത്തെ 3 സെൻട്രൽ ജയിലുകളിൽ പന്നി വളർത്തൽ കേന്ദ്രവും നെട്ടുകാൽത്തേരി തുറന്ന ജയിലിൽ പൗൾട്രി ഫാം, ആടുവളർത്തൽ കേന്ദ്രം എന്നിവയും ആരംഭിച്ചിട്ടുണ്ട്. ചീമേനി തുറന്ന ജയിലിൽ നിലവിലുള്ള വെട്ടുകല്ല് നിർമ്മാണ യൂണിറ്റിൽനിന്നും കൂടുതൽ വരുമാനത്തിനായി പ്രസ്തുത യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിയ്യൂർ സെൻട്രൽ ജയിലിൽ വെട്ടുകല്ല് യൂണിറ്റ് സ്ഥാപിക്കുകയും നെട്ടുകാൽത്തേരി തുറന്ന |

| | | |
|---|---|---|
| | | ജയിലിൽനിന്നും ഇന്റർലോക്ക് മണ്ണിഷ്ടിക, സിമന്റ് ബ്ലോക്ക് എന്നിവ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) വരുമാന വർദ്ധനവിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ജയിലുകളിൽ ഒരുക്കിയിട്ടുള്ളത്? | ഡി) | നിലവിലുള്ള ഭക്ഷ്യോത്പാദന യൂണിറ്റുകൾക്ക് പുറമെ പുതിയ രണ്ട് ചപ്പാത്തി യൂണിറ്റുകൾ ആരംഭിക്കുന്നതിനും ഒരു ഇഡ്ഢലി യൂണിറ്റ് ആരംഭിക്കുന്നതിനുമുള്ള മെഷീനുകളും വാങ്ങിയിട്ടുണ്ട്. വിയ്യൂർ, തിരുവനന്തപുരം സെൻട്രൽ ജയിലുകളിൽ കാർപെന്ററി യൂണിറ്റ് ആരംഭിക്കുന്നതിനും സോപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുമുള്ള മെഷീനുകളും വാങ്ങിയിട്ടുണ്ട്. പ്രസ്തുത യൂണിറ്റുകൾ ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ